പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 990

08-01-2014-ലെ മറുപടിയ്ക്ക്

## തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br><br>(ബി) ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസുകളിൽ എടുത്ത ശിക്ഷാനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ? | (എ) യും (ബി) യും<br><br>തൊഴിൽ സ്ഥാപനങ്ങളിലെ ജീവനക്കാർ അനുഭവിക്കുന്ന ലൈംഗിക ചൂഷണങ്ങൾക്കെതിരെ മുൻകരുതൽ എടുക്കുവാനും കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടികൾ കൈക്കൊള്ളുവാനും കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വർക്കേഴ്സ് ചട്ടങ്ങളിലും കേരള പ്ളാന്റേഷൻ റൂൾസിലും വ്യവസ്ഥകൾ ഉണ്ട്. കൂടാതെ അമ്പതോ അതിൽ കൂടുതലോ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ കംപ്ളയിന്റ് കമ്മിറ്റികൾ രൂപീകരിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി കമ്മിറ്റിയിൽ 5 അംഗങ്ങളുണ്ടാകും. കമ്മിറ്റിയുടെ നേതൃത്വം ഒരു വനിതയ്ക്കായിരിക്കും. മാത്രമല്ല അംഗസംഖ്യയിൽ 3പേർ സ്ത്രീകളായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

Sreedas
സെക്ഷൻ ഓഫീസർ